## പഴയ ന്യൂസ്പേപ്പർ ആർട്ടിക്കിളുകൾ ഓൺലൈനായി കണ്ടെത്താം

ghs muttom blog

പഴയ പത്രവാർത്തകളും, മാഗസിനുകളിലെ ആർട്ടിക്കിളുകളും പലർക്കും വിലയേറിയവയാണ്. പലരും പ്രധാന സംഭവങ്ങൾ നടന്ന ദിവസങ്ങളിലെ പത്രങ്ങൾ സൂക്ഷിച്ച് വയ്ക്കുന്നവരുമാണ്. പഴയ സംഭവങ്ങളുടെ ആധികാരിക രേഖകളാണ് ഇവ.

പഴയ പത്രമാസികകൾ ഇന്ന് പല സൈറ്റുകളിലൂടെയും ഓൺലൈനായി ലഭിക്കും. ഡിജിറ്റലൈസേഷൻ വന്നതിന്റെ ഒരു ഗുണമാണിത്. പഴയ വാർത്തകൾ തിരയുന്നവർക്ക് ഉപകാരപ്രദമായ ഏതാനും സൈറ്റുകൾ പരിചയപ്പെടാം.

1. **GOOGLE NEWS** (http://news.google.com/news/advanced_news_search?as_drrb=a ) ആയിരക്കണക്കിന് ന്യൂസ്പേപ്പറുകളുടെ ശേഖരം ഗൂഗിളിനുണ്ട്. ഇവ മികച്ച രീതിയിൽ ഇൻഡക്സിങ്ങ് ചെയ്തിരിക്കുന്നതിനാൽ എളുപ്പം കണ്ടെത്താം. പഴയ പേപ്പറുകളുടെ സ്കാൻഡ് പേജുകൾ ലഭിക്കും. ഇവയിൽ സെർച്ച് ചെയ്ത് നമുക്ക് വേണ്ടത് കണ്ടെത്താൻ സാധിക്കും.ഒറിജിനൽ കണ്ടന്റ് മറ്റ് സൈറ്റുകളിൽ നിന്നാണെങ്കിൽ അവയ്ക്ക് പണം കൊടുക്കണമോ എന്നും കാണിക്കും.
2. **Library of Congress (http://chroniclingamerica.loc.gov/ )** അമേരിക്കയിൽ 1880 നും 1922 നും ഇടയിൽ പബ്ലിഷ് ചെയ്യപ്പെട്ട പത്രങ്ങളുടെ പി.ഡി.എഫ് ഫോർമാറ്റ് പേജുകൾ ഇതിൽ ലഭിക്കും. 1690 മുതൽ ഇന്ന് വരെയുള്ള പത്രവാർത്തകളുടെ ഡാറ്റബേസും ഇതിൽ ലഭിക്കും.
3. **3. NEWSEUM. (http://www.newseum.org/todaysfrontpages/ )** ഇവിടെ നിന്ന് ലോകമെങ്ങുനിന്നുമുള്ള 800 ൽ പരം പത്രങ്ങളുടെ ഫ്രണ്ട് പേജ് ഡൗൺലോഡ് ചെയ്യാം. വാർത്തകൾ ഓരോ ദിവസവും സൈറ്റിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നു.
4. **4. BRITTISH LIBRARY** ( http://www.britishnewspaperarchive.co.uk/ ) സ്കാൻ ചെയ്ത ചരിത്രപ്രാധാന്യമുള്ള ആയിരക്കണക്കിന് പത്രങ്ങൾ ഇതിൽ ലഭിക്കും. ഇതിന് ഫീസ് നല്കേണ്ടതുണ്ട്.